
little KITEs
കുട്ടിപ്പട്ടം
little KITEs

**ജി വി എച്ച് എസ് മടിക്കൈ II**

പത്രാധിപ :- അനുശ്രീ വിനോദ്

പത്രാധിപ സമിതി :-സ്നേഹ .കെ .പി

മുഹമ്മദ് ഹാഷിർ

അജയ് പ്രഭ .പി .വി

അക്ഷര . വി . വി

അജ്മൽ റിയാസ്

അജന്യ . വി

രുപ . പി . വി

ആമുഖം 6

ആസ്വാദനം 15 -20

കാലം കെട്ട കാലം 22

THE BROKEN BRANCH 26,27

മുത്തശ്ശിക്കഥ 28-29

ESSAY 31-34

ദേവിയാകുന്ന സ്ത്രീ 36-38

ഞാൻ കണ്ട ദുരിത കേരളം 40-41

കേരളത്തിലേക്ക് 43

മനുഷ്യ നീയിത്രയും 44-47

എന്റെ കേരളം 48

അവൾ 49-51

കടുവയെ തിന്നുന്ന മാൻ 52-53

സ്നേഹം വേണം 54-55

പെരുന്നാൾ സമ്മാനം 56-59

സ്വപ്നത്തിലെ പൂന്തോട്ടം 60

| | |
|---|---|
| സയൻസ് ക്വിസ് | 62-63 |
| നാരി | 64-66 |
| നരബലി | 68-69 |
| ഐ ടി ക്വിസ് | 71-72 |
| എന്റെ കൂട്ടുകാരി | 73-74 |
| സ്നേഹ വാത്സല്യം | 76-77 |
| കിട്ടുവിന്റെ മടി | 78 |
| അമ്മിണിയുടെ പൂച്ചക്കുട്ടി | 79-80 |
| മാരിവില്ലാണ് കൂട്ടുകാരി | 82-83 |
| കൂട്ടുകാർ | 85-86 |
| RAMU -HE IS A SON | 90-91 |
| BEST FRIENDS | 92 |

# ആമുഖം

കുരുന്നു മനസ്സുകളിലെ മുളപൊട്ടാത്ത ഭാവനകൾക്ക് വർണം നൽകിക്കൊണ്ട് കുട്ടിപട്ടങ്ങളുടെ പുതിയ പദ്ധതി ആയ ഡിജിറ്റൽ മാസിക പുതുഭാവനകൾ വിരിയിച്ചെടുക്കുക ആണ് .വെളിച്ചം വീഴാത്ത കുഞ്ഞുമനസ്സുകൾക്കിടയിലെ ഭാവനകൾക്ക് പ്രകാശം നൽകിക്കൊണ്ട് ഇരുകരങ്ങളാൽ പുതുതലമുറയുടെ വൈവിധ്യമാർന്ന സൃഷ്ടികൾ ഇതിലൂടെ അവതരിപ്പിക്കുകയാണ് .

ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ കലാപരമായ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഞങ്ങൾ തയ്യാറാക്കിയ ഈ മാസിക ഇരുകൈകളും നീട്ടി സ്വീകരിക്കുമെന്ന് കരുതട്ടെ...

ജി.വി.എച്ച്.എസ്.എസ്. മടിക്കൈ II ലെ IT ക്ലബിലെ അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'കുട്ടിപട്ടത്തിന് ' എല്ലാ വിധ ആശംസകളും നേരുന്നു

**ഹെഡ്മാസ്റ്റർ**

ജി.വി.എച്ച്.എസ്.എസ്. മടിക്കൈ II ലെ IT ക്ലബിലെ അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'കുട്ടിപ്പട്ടത്തിന് ' എല്ലാ വിധ ആശംസകളും നേരുന്നു

President PTA
Sureshan P

ജി.വി.എച്ച്.എസ്.എസ്. മടിക്കൈ II ലെ IT ക്ലബിലെ അംഗങ്ങൾപ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'കുട്ടിപ്പട്ടത്തിന്' എല്ലാ വിധ ആശംസകളും നേരുന്നു

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ






**അക്ഷയ.എ** **അമീറ.പി** **സ്നേഹ.കെ.പി** **ആഷിഫ.എം**


റെയ്ഹാന


അമൃത. കെ


രേവതി.വി.വി


ശ്രീലക്ഷ്മി.സി


ആദിത്യൻ വിനോദ്


അരുൺ ബാബു.സി


ആദിത്യസി.കെ


അജയ് പ്രഭ


മുഹമ്മദ് ഹാഷിർ.എൽ






ജനീഷ ഗംഗാധരൻ      അനഘ.എ      അശ്വതി.എൻ      അഭിരാമി.കെ.പി.പി






ഫാത്തിമത്ത് സിനാന      അക്ഷര.വി.വി      അജ്മൽ റിയാസ്      അർജ്ജുൻ.ടി.വി



സരിത.കെ



അനശ്രീ വിനോദ്



നിഷ രാജൻ.ഒ.വി



അജന്യ.വി


ശ്രീലക്ഷ്മി.പി.കെ


ആരതി ദാമോദരൻ


അഫീഫ


രൂപ.പി.വി

**ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ :ഗണേശൻ പി വി**

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് :ബിന്ദു ഡി**



# ആസ്വാദനം

## മാധവിക്കുട്ടിയുടെ കോലാട്

*മാതൃത്വത്തിൻെറ അതിതീക്ഷ്ണമായ നോവുകളെ ചുരുക്കം ചില കഥാപാത്രങ്ങളിലൂടെ നമ്മളിലേക്കെത്തിക്കുകയാണ് പ്രശസ്ത കഥാകൃത്ത് മാധവിക്കുട്ടിയുടെ "കോലാട്" എന്ന നോവൽ.അടുക്കളയുടെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന പെൺമനസ്സുകളുടെ അതി അസഹനപൂർണമായ ദുഃഖങ്ങളെ കവി വളരെ വേദനയോടെ നമ്മളിലേക്കെത്തിക്കുന്നു. സ്ത്രീയായി ജനിച്ചു എന്ന കാരണത്താൽ അടുക്കളയ്ക്കുള്ളിൽ ഒതുങ്ങിക്കൂടേണ്ടി വരുന്ന ധാരാളം മനുഷ്യർ ഇന്ന് നമ്മുയെ ലോകത്തുണ്ട്.കഥയിൽ, അമ്മയ്ക്ക് മക്കളോടും ഭർത്താവിനോടുമുള്ള ദിവ്യമായ സ്നേഹത്തിൻെറ ചുരുളഴിക്കുകയാണ് കഥാകൃത്ത്. ചെറുപ്പത്തിൽ ഏത്*

കുട്ടികൾക്കും അവരുടെ അമ്മ ദൈവത്തിന് തുല്യമാണ്.ഏതു കാലത്തും നാം ഒന്നു കാൽതെറ്റി വീണുപോയാൽ വായിൽ നിന്നും ആദ്യം വരുന്ന വാക്ക് 'അമ്മ' എന്നുമാത്രമാണ്.ബാല്യത്തിൽ മറ്റേതു ഭംഗികളേക്കാളും ഭംഗി തീർച്ചയായും നമ്മുടെ അമ്മയ്ക്ക് തന്നെയാണ്. സത്യം പറഞ്ഞാൽ , അമ്മ തന്നെയല്ലേ നമ്മുടെ കുടുംബജീവിതത്തിലെ പൊട്ടാത്ത ചരടും , അണയാത്ത വിളക്കും. പക്ഷേ പല മക്കൾക്കും അവർ വളർന്ന് കുറച്ചു വലുതായാൽ തന്റെ അമ്മയെ  ചൂണ്ടികാട്ടി ഇതാ ഇതാണ് എന്റെ അമ്മ എന്നുപറയാൻ നാണക്കേടാണ്.എന്നാൽ അമ്മയ്ക്കോ തന്റെ മക്കളെപ്പറ്റി പറഞ്ഞാൽ പിന്നെ നിർത്താൻ കഴിയില്ല.

മാധവിക്കുട്ടിയുടെ കോലാട് എന്ന കഥയിൽ പുതുതലമുറയിലെ മക്കൾ അമ്മമാരോടാണ് കാണിക്കുന്ന അതേ തരത്തിലുള്ള ക്രൂരതയെക്കുറിച്ചാണ് വർണിക്കുന്നത്.കഥയിലെ അമ്മ പണ്ട് വളരെ സുന്ദരിയായിരുന്നു.ആരു കണ്ടാലും ഒന്ന് നോക്കിപ്പോവും.അത്രയ്ക്കും പുഷ്ടിപ്പെട്ടതായിരുന്നു ശരീരം.വീട്ടിലെ

എല്ലാ ജോലികളും ചെയ്യുന്നത് അവരാണ്. ഒരു സഹായവും ഭർത്താവിൽനിന്നോ മക്കളിൽ നിന്നോ അവർക്ക് ലഭിച്ചില്ല. വീട്ടിലെ ജോലികൾക്കിടയിൽ തൻെറ ശരീരം നോക്കാനോ ഒന്നു മുഖംവൃത്തിയാക്കാനോ അവർക്കു നേരം കിട്ടിയില്ല.അടുക്കളയിലെ കരിംപുകയുടെ കാഠിന്യം അവരുടെ മുഖത്ത് പ്രതിഫലിക്കാൻ തുടങ്ങിയിരുന്നു.എന്നാൽ മക്കൾക്കു ഇത്തരത്തിലുള്ള അമ്മയെ തീരെ പിടിച്ചില്ല.അമ്മയെ ശുഷ്കിച്ച കോലാടായി മക്കൾ ഉപമിച്ചു. അപ്പോഴും ആ പാവം അമ്മ അതുകാര്യമായി കണ്ടില്ല. അവൾ പുഞ്ചിരിയോടെ തൻെറ ദൈനംദിന പ്രവർത്തികളിൽ മുഴുകി. തൻെറ വീട്ടുജോലികളുടെ വേഗത കണ്ട് വീട്ടുകാർ പ്രശംസിക്കുകയല്ലാതെ ഒരു സഹായവും ചെയ്തില്ല.നമുക്കെല്ലാവർക്കുമറിയാം നാം ഏറെ ഇഷ്ടപ്പെടുന്ന ഒരാൾ നമുക്ക് ചെറു മൊട്ടുസൂചിയെങ്കിലും സമ്മാനിച്ചാൽ  നമുക്ക് അത് വളരെ വിലയേറിയതായിരിക്കും.ഇതേ പോലെ കഥയും മകൻ അമ്മയ്ക്ക് ഒരു ചെറുനെല്ലിക്ക കൊണ്ടുകൊടുത്തു.മകൻ നൽകിയ കട്ടും പുളിയേറിയ ആ നെല്ലിക്കയ്ക്കും അമ്മയുടെ വായിൽ രുചി ത്രിമധുരമായിരുന്നു. തൻെറ മകൻ

ആദ്യമായി തനിക്ക് നെല്ലിക്ക സമ്മാനിച്ച ആ ദിനം അമ്മയ്ക്ക് എപ്പോഴും പ്രിയപ്പെട്ടതായിരുന്നു. ആ ദിവസം അവർ ഏറെ സന്തോഷിച്ചു.

നമുക്ക് ചെറുപ്പത്തിൽ ഏറ്റവും കൂടുതൽ മടി അങ്കണവാടിയിൽ പോകാനാണ്. അവിടെയും കൂട്ടിന് അമ്മയുണ്ടെങ്കിൽ അങ്കൻവാടി പഠിത്തവും ഒരു സുഖമാണ്.മക്കൾ ഒന്നുകരയാതെ അവിടെ നിൽക്കാൻ വേണ്ടിപാടുപെടുന്ന ധാരാളം മാതൃമനസ്സുകൾ നമുക്കവിടെ  കാണാം. എന്നാൽ കഥയിൽ , സ്കൂൾ ഡ്രാമയ്ക്കു എൻെറ ഭംഗിയുള്ള സാരിയുടുത്ത് ഞാനും കൂടെ വരാമെന്ന് സന്തോഷത്തോടുകൂടി അമ്മ പറഞ്ഞപ്പോൾ അമ്മയ്ക്ക് മകനിൽ നിന്നും കിട്ടിയ ഉത്തരം ഏറെ കയ്പേറിയതും ദുഃഖ പൂർണമായതുമാണ്.ആ ഉത്തരം പെട്ടന്നായിരുന്നു അമ്മയുടെ ഹൃദയത്തിൽ ഒരു കഠിനമായ മുറിവായി മാറിയത്. അടുക്കളയിലെ കഠിനപ്രയത്നങ്ങളിൽ മുഴുകിയിരുന്ന അമ്മയ്ക്ക് പെട്ടന്നായിരുന്നു അസുഖം പിടിപെട്ടത്.

അസുഖത്തിന്റെ മൂർധന്യാവസ്ഥയിൽ എത്തി ആശുപത്രിയിൽ

*പ്രവേശിപ്പിച്ചപ്പോഴും ആ അമ്മയുടെ മനസ്സിലെ ചിന്ത അടുക്കളയെക്കുറിച്ച് മാത്രമായിരുന്നു. അടുക്കളയിലെ നാല് ചുവരുകൾക്കുള്ളിൽ ലോകത്തെ ഒതുക്കിപ്പിടിച്ച സ്ത്രീകളുടെ മനസ്സിൽ വാസ്തവത്തിൽ  സ്വർഗം അടുക്കള തന്നെയാണ് എന്ന മഹത്തായ സന്ദേശം കഥാന്ത്യത്തിൽ കഥാകൃത്ത് കൂടുതൽ വിശദാംശങ്ങളോടെ നമ്മിലേക്കെത്തിക്കുന്നു. കൂട്ടുകാർക്ക് മുന്നിൽ അമ്മയെ കാണിക്കാൻ മനസ്സില്ലാത്ത മക്കൾ പിന്നെന്തിനാണ്  ആപത്ത് വരുമ്പോൾ മാത്രം അമ്മയെ സമീപിക്കുന്നത്  ? സത്യം പറഞ്ഞാൽ ചിലമക്കൾ വീട്ടിലെ പാഴ്വസ്തുക്കളിൽ ഒന്നായി അവരുടെ അമ്മയെ കാണുന്നു.മറ്റു വസ്തുക്കളേക്കാളും നിഷ്കൃഷ്ടവും വൃത്തിഹീനവുമാണോ അമ്മ ? അടുക്കളയിൽ ഒതുങ്ങിക്കൂടുന്ന അവരെ അരങ്ങത്തേക്കെത്തിക്കുവാനുള്ള ഉത്തരവാദിത്വം നമ്മൾക്കോരോരുത്തർക്കുമില്ലേ  . അവരിലെ കലാവാസനകൾ തിരിച്ചറിഞ്ഞ് അവരുടെ കഴിവുകളെ വികസിപ്പിച്ച് പുറംലോകത്തെ മായാക്കാഴ്ച്ചകൾ വേണ്ടുവോളം ആസ്വദിക്കാൻ അവരെ കൂടികൂട്ടേണ്ടതിൻെറ ആവശ്യകത മക്കളായ നമ്മളോരോരുത്തർക്കുമില്ലേ ?*

*നമ്മുടെഅമ്മയെസന്തോഷിപ്പിക്കേണ്ടത് നമ്മുടെ അവകാശവും ഉത്തരവാദിത്വവുമല്ലേ .?*

*രേവതി.വി.വി*
*9 c*


ഒരു രാവ്
അനുശ്രീ N A

# കാലം കെട്ട കാലം

കേരളത്തിലെ  ഒരു സുന്ദരമായ ഗ്രാമം.അവിടെ ഒരിടത്ത് ഒരു ബ്രാഹ്മണനും ഒരു ഭാര്യയും ഒരുകുട്ടിയുംതാമസിച്ചിരുന്നു .ബ്രാഹ്മണൻ വലിയ  പണക്കാരനാണ്  .അവർക്ക് വേണ്ടത്രസൗകര്യങ്ങൾ അവരുടെ വീട്ടിൽ പണിതിട്ടുണ്ട് .കാറുണ്ട് ,ബൈക്കുണ്ട് ,പൂന്തോട്ടമുണ്ട് ഇങ്ങനെ

പലതുമുണ്ട് .അങ്ങനെയൊരു ദിവസം അവർ എഴുന്നേൽക്കുമ്പോഴേക്കും അങ്കണം നിറയെവെള്ളവുംആകാശത്തിൽമഴവെള്ളവരുന്നുണ്ട് . രണ്ട്നില വീടായിരുന്നു അവരുടെത് .ഒന്നാമത്തെ നിലയിൽ മുഴുവനും വെള്ളം കയറി .അവർ രണ്ടാമത്തെ നിലയിൽ കയറി .അതിഭയങ്കരമായ മഴ അവരെ തണുപ്പിച്ചു .അപ്പോൾ ഒരു മുക്കുവൻ എല്ലാവരെയും രക്ഷിക്കാനായിവന്നു .മുക്കുവൻ എത്ര വിളിച്ചിട്ടും അവർ വന്നില്ല .അവർ പറഞ്ഞു "നിങ്ങൾ താണ ജാതിക്കാരാണ്എന്നാൽ നമ്മൾ പണക്കാരാണ്.”നമുക്ക് രണ്ടാം നിലയിൽ നിൽക്കാൻ കഴിയും .മുക്കുവൻ അവിടെശാന്തമായി നിന്നപ്പോൾ രണ്ടാമത്തെ നിലയിൽ വെള്ളം പൊങ്ങാൻ തുടങ്ങിയപ്പോൾഅവർക്ക് പേടിയായി .അവർ വേഗം മുക്കുവന്റെ കൂടെപോയി .അപ്പോഴാണ് ബ്രാഹ്മണന് മനസ്സിലായത് ജാതിയല്ല വലുത് മനുഷ്യനാണെന്ന്

ശ്രദ്ധ .എസ് . പ്രസാദ്    4 എ



## കുട്ടിപ്പട്ടം




Sidharth T.V IX-C

# The Broken Branch

**Ranipura is a beautiful village which was famous for it's beauty. Reena and Roy are close friends. Their house is near a river. They are studying in fourth standard in GLPS Ranipura. They are playing together and they going together to school. They are very good in study. If Reena get prize in exam ,Roy will give her chocolate to her. They are going in a bus eating in a plate and also sitting on a bench in the classroom. All students in the school shamed because they not got good friends like them. Their story will going very beautifully.**

**"Reena".... her mother called .Because she is sleeping . "what mom"| Reena replied.**

**"Today is the day of your result and today is school closing"-mother said.**

**Reena was very sad today. Because they are going to another school.**

**In Roy's house his mother calling him to woke up and go to school.**

**Roy will be very sad. Because he not like go to school without Reena. Today is the**

**last day. Today Reena and Roy are leaving together They are going to another school. They reached school at sharp 9:30 am.They are passed to v$^{th}$ class. They went together to principal's room and buy their progress card.**

**Reena's face were gloomy.her eyes were reddend with tears. Roy asked “what is your next plan?”. “I am going to an English medium school in city”-replied Reena. And what is your plan?”- Reena asked . “My father has decided to join me at the Boy's school in city.”**

**They cried loudly. Because they never thoght about leaving together . That day was the dark day in their life. They went to the river near their house. They played in the river water. In that time Roy's father come and said-”Roy come we are going to city.” 'why”-Roy asked . “oh you don't know ? Our house is shifting to city.”**

**Reena cried aloud . Roy also cried . They hugged each other.**

**The river cried with them. Their cry will be the rain which come befor season of rain.**

**Ranipura village cried . At once it's beauty will fade away .They are melted in their hug . The branch of their friendship was broken**

**Krishnaja .S XC**

# മുത്തശ്ശിക്കഥ

*രസകരങ്ങളായ കഥകളുടെ അക്ഷയപാത്രമാണ് മുത്തശ്ശി . എത്ര പറഞ്ഞാലും അവസാനിക്കാത്തവിധം ധാരാളം കഥകൾ മുത്തശ്ശിക്കറിയാം. ഒരു ദിവസം മുത്തശ്ശി പറഞ്ഞത് , മറ്റൊരു മുത്തശ്ശിയുടെ കഥയാണ് ,കുട്ടികളെല്ലാവരും അരികത്ത് ശ്വാസമടക്കിപ്പിടിച്ചിരുന്നു കഥ കേൾക്കാൻ .ഓരോ വാചകങ്ങൾ അവസാനിക്കുമ്പോഴും അവർ മൂളിക്കൊണ്ടിരുന്നു .*

*ഒരു മഞ്ഞുകാലമായിരുന്നു അത്. ഇളം വെയിൽ ഏൽക്കാൻ ആ മുത്തശ്ശിക്ക് വല്ലാത്ത ആഗ്രഹം തോന്നി .തുന്നാനുള്ള കീറിയ വസ്ത്രങ്ങളുമെടുത്ത് ,സൂചിയും നൂലുമായി മുത്തശ്ശി കിണറിന്റെ അടുത്തെത്തി. കിണറിന്റെ വായിക്കലിന്റെ അടുത്തെത്തി. അതിന്റെ ഇടയിലൂടെ അവിടേക്ക് സൂര്യപ്രകാശം നല്ലവണ്ണം ഊർന്നു വീഴുന്നുണ്ട്. അവിടെയിരുന്ന് മുത്തശ്ശി ഇളം വെയിൽ കായുകയും കീറിയതുണി തുന്നിക്കുത്തുകയും ചെയ്തുകൊണ്ടിരുന്നു.*

*പെട്ടന്ന്,ആ മുത്തശ്ശിക്ക് ഒരു അബദ്ധം പറ്റിപ്പോയി. തുണി തുന്നിക്കൊണ്ടിരിക്കുന്നതിനിടയിൽ നൂലിൽ നിന്ന് ഊരിയസൂചി കയ്യിൽനിന്ന് വഴുതി*

*കിണറ്റിലേക്ക് വീണുപോയി.*

*കഥ കേൾക്കുകയായിരുന്ന കുട്ടികളോട് കഥ പറഞ്ഞുകൊണ്ടിരുന്ന മുത്തശ്ശി ചോദിച്ചു:*

*“മ് ഉം ,മ് ഉം എന്ന് മൂളിയാൽ തുശി കിട്ടോ കുട്ട്യോളെ ?”“ങ് ഏ ?”*

*“അങ്ങനെ പറഞ്ഞാ തുശി കിട്ട്യോ?”*

*“ഇറങ്ങി എടുക്കണം ”*

*“ഇറങ്ങി എടുക്കണമെന്നു പറഞ്ഞാ തുശി കിട്ട്യോ?”*

*"പിന്നെ എങ്ങനെയാ മുത്തശ്ശി ?”*

*"അങ്ങനെ പറഞ്ഞാ തുശി കിട്ട്യോ ?”*

*കുട്ടികൾ ഒന്നിച്ചു ചിരിച്ചു.*

*അപ്പോഴും മുത്തശ്ശി ചോദിച്ച "എല്ലാവരും കൂടി ചിരിച്ചാല് തുശി കിട്ട്യോ?”*

*അങ്ങനെ, ആയുഷ്കാലം മുഴുവൻ എത്ര എത്ര ചോദ്യങ്ങൾ ചോദിച്ചാലും മറുപടികൾ പറഞ്ഞാലും അവസാനിക്കാത്ത ഈ മുത്തശ്ശിക്കഥ തൽക്കാലം നമുക്കിവിടെ നിർത്താം.*

*സമ്പാദനം : കാർത്തിക് എം*

*4-A*


Nandakumar.PP IX-C

# The question is to be filled

Fire,water,air..... etc. are the most important thing that to live. As we all know that we get these things

from our nature. I think nature is the real mother of whole world. And we have the evidence to prove that.

All thing that in the world is made of nature including the creatures in the world. All the creatures born from

nature and at finally all are going to nature.If there is no nature there is no human. Nature is the bottom of a creation. Now a days we are

destroying our mother nature. All the beauties in the world is created by the nature,to give the creatures a pleasant energy. Sunset,sunrise etc....are the examples of the beauties. All the thing we needed will get from the nature.

Our food chain's control is in nature's hand .It help us to control that. Nature gives us food,water,

air etc....... there is no end for these list.Nature is world. We can see its, country,states etc...... as the shape of

forest, river,hills,sea....... Its a magical world.

In earlier years humans were very friendly to nature. They live together with the nature as loving him.

First humans see nature as a God. They consider the nature as a devotional

place. They pray to nature. They had a fear with the nature. So they considered nature as a God and they do nothing to harm nature.When years change the mind of humans are also changed. Now they don't considering nature as a God

and harming the nature ,by different ways. Now a days all the humans want only development. There is no limit for development . To create development humans destroying our mother nature.

Deforestation,destroying the hills,sand smuggling etc.... are way that humans taking the ways to destroy the nature and create development. Humans don 't know the power of nature it we harmthe nature it will also destroy us. The flood in Kerala is a 1st lesson for all the humans. There is

more lessons are being coming from the textbook of nature. If we harm nature humans destroy will be the answer we get from the nature.

There are so many authors that are written about nature. In their works we only see the importance
of nature, not the destroying nature.

I thing nature is bumarang if we destroying it, it will come towards us to destroy us. If we love the nature there is no fear about problem. Nature gives us all the thing. But the question is when will we stop to destroyed nature. The answer is blank. But if the next generation want to love and save the nature. So I am requesting you to

'' SAVE NATURE, AND SAVE YOUR LIFE'' ABHINAV T X A


ആദിത്യ. രാമചന്ദ്രൻ = IV - A

# ദേവിയാകുന്ന സ്ത്രീ...

വെളിച്ചമാകുന്ന  ജീവിതപാതകളിൽ
ലക്ഷ്യപ്പടി  കേറി നീങ്ങുന്ന നാളുകളിൽ
ഒന്നറിയേണം നീ അമ്മയാം ജനത
പുതുലോകമാണിത് സൂക്ഷിച്ചു വേണം  ഇനി
വെളിച്ചത്തിലാറിടുന്ന നിഴൽ നീങ്ങും വീഥികളിൽ
കനൽ വഴി പിന്തുടരും ക്രൂരത കാട്ടിടുന്നോർ
ചെറുത്തുനിൽക്കേണം നമ്മൾ
ഒറ്റക്കെട്ടായി..........
ജീവിതം നയിക്കേണം
കരളുരുകുന്ന പാട്ട് താരാട്ട്
പാട്ട് കേട്ടാൽ
ലോകമുറങ്ങിടുന്നു

പാൽനുര വിതറുന്നു
സ്വര മാധുര്യം വിളമ്പും
അക്ഷര നക്ഷത്രങ്ങൾ
തടവറക്കുള്ളിൽ പെട്ട്
നൊന്തുകരയുമ്പോഴും
ജീവിതം മുന്നേറണം
തോൽവിയെ ജയിക്കേണം
പക്വതയില്ലാത്തൊരു പൊക്കിൾക്കൊടിയെപ്പോലും
വെട്ടിമാറ്റുന്നു ലോകം താഴ്മയിൽ  നയിക്കുന്നു
തളരില്ല  സ്ത്രീയെന്നെന്നും
ജീവിതം  ബാക്കിയാക്കി......
ചിതറില്ല  കണ്ണീരെന്നും
മരണം വരെയുമിനി
പുലരികളിൽ വെയിലാകും
ഇരവിലും നിനവാകും
നിറമഞ്ഞുമഴയാകും
സ്ത്രീ തന്നെ ദേവിയെന്നും

അഴകെഴുമീ നിൻെറ മോഹന
പുഷ്പങ്ങളിൽ
കുമ്പിട്ടു നമസ്കരിക്കാൻ
യോഗ്യതയാർക്കുമില്ല....
ഹൃദയമണി പത്മത്തിൽ അമരുമൊരു സൗപർണ
ത്തിലകമതു നീ തന്നെ ദേവിയാം മായേ .....

വിസ്മയ .എൻ .ടി
9 -A


by
HISHAM

# ഞാൻ  കണ്ട ദുരിത കേരളം

കേരളത്തെ  നടുക്കിയ ദുരന്തം
പേരുകേട്ട പ്രളയം
ഒട്ടനവധി ആളുകളെ
കൊന്നൊടുക്കിയ ദുരന്തം
ദൈവം തൻ നാടെന്ന്
വാഴ്ത്തി പറഞ്ഞ കേരളം
മഴവെള്ളപ്പൊക്കത്തില്
താഴ്ന്നപോയി
കേരളത്തെ ചുട്ടുതീ
തീറ്റിച്ച പ്രളയം
വെള്ളപ്പൊക്കവും ഉരുൾപൊട്ടലും
കയ്യിലേന്തി വന്ന  പ്രളയം
ഇനി വരാതിരിക്കാൻ
നമുക്കൊന്നിച്ച്  കൈകോർത്തിടാം

തിരിച്ചു കൊണ്ടുവരാം
കേരളത്തിൻ കാന്തിയെ
കൈകോർത്തിടാം.....
ഒന്നായിടാം....

പഞ്ചമി പവിത്രൻ
7 B


Roll 15
ASHWIN ASHOK 7-A

# കേരളത്തിലേക്ക്

കേരളം നമ്മുടെ സംസ്ഥാനമാണ്. കേരളത്തിൽ 14 ജില്ലകൾ ഉണ്ട്.

നമ്മുടെ ജില്ല കാസർകോഡാണ്. 1956 നവംബർ 1 നാണ് കേരളം രൂപം കൊണ്ടത്. തിരുവനന്തപുരമാണ് കേരളത്തിൻെറ തലസ്ഥാനം. മലയാളമാണ് നമ്മുടെ ഭാഷ. Gods on country എന്നാണ് കേരളം അറിയപ്പെടുന്നത്. ശ്രീ പി.സദാശിവം ആണ് കേരളത്തിൻെറ ഗവർണർ. ശ്രീ പിണറായി വിജയനാണ് മുഖ്യമന്ത്രി.44 നദികളാണ് കേരളത്തിലു ള്ളത്.നമ്മുടെ ഗാന്ധിജി 5 തവണ ഇവിടെ വന്നിട്ടുണ്ട്.

ദേവദർശ്
STD4

# മനുഷ്യാ നീയിത്രയും.....

ആധുനിക കവി റഫീക്ക് അഹമ്മദിന്റെ ഹൃദയസ്പർശിയായ,അതിലേറെമിഴികൾ നനയിക്കുന്ന കവിതയാണ് അമ്മത്തൊട്ടിൽ.ആനുകാലികമായ ഒരുപ്രശ്നത്തി-
നെതിരെ മനുഷ്യമനഃസാക്ഷിക്കുനേരെ വിരൽചൂണ്ടുകയാണ് ഈ കവിത.

അമ്മയെ വൃദ്ധസദനത്തിൽ അല്ലെങ്കിൽ എവിടെയാകിലുംഉപേക്ഷിക്കു-
വാൻ ഭാര്യയുടെ പ്രേരണയാൽ പുറപ്പെട്ട ഒരു ഭർത്താവ്,അമ്മയെ തന്റെ കാറിൽ
കയറ്റുകയാണ്.പിൻസീറ്റിൽ നേരെ ഇരുത്തീട്ടും ഓരത്തോട് ചേർന്ന്ചാരി,മടങ്ങി-യിരിക്കുകയാണ്
അമ്മ.കൈകൾ രണ്ടും മാറോട് ചേർത്ത് വച്ചിരിക്കുകയാണ്.
എന്തോതന്നെഎവിടെയാണ് കൊണ്ട്പോകുന്ന് എന്ന് അവർ ചോദിക്കുന്നില്ല.
എന്തിനാണ് കൊണ്ട്പോവുന്നുവെന്നും.കണ്ണുകളുടെ നിറം പ്രായാധിക്യംമൂലംമങ്ങി,
പീളകെട്ടി അടഞ്ഞുപോയിരിക്കുന്നു.അത് അടക്കുകയും തുറക്കുകയും ചെയ്തുകൊ-ണ്ടാണ് അമ്മ ഇരിക്കുന്നത്.

സന്ധ്യയായതിനാൽതെരുവീഥികൾ വിജനമാണ്.നാളേക്ക് വേണ്ടി,പുതിയ ദിവസത്തേക്കായി അവ ഉറങ്ങുകയാണ്.കകടകൾ അടച്ചുപൂട്ടിയിരി
ക്കുന്നു. ഒരുമാളിന്റെ തൊട്ടടുത്ത് അമ്മയെ ഇറക്കുവാൻ തുനിഞ്ഞ അവനുനേരെ

ഒരു പെറ്റുകിടക്കുന്ന തെരുവുപട്ടിചാടിക്കുതിക്കുന്നു.തന്റെ കുഞ്ഞിനെഎന്തെങ്കിലുംചെയ്യുവാൻ വന്നതാണോഎന്ന ചിന്ത,ഒരു അമ്മയുടെ മക്കൾക്കു നേരെയുള്ള സ്നേഹമാണീവരികൾ വ്യക്തമാക്കുന്നത്.പിന്നീടവൻ ജില്ലാശുപത്രിക്കുസമീപം എത്തുന്നു.രാത്രികച്ചവടമായുള്ള കുറച്ച പേരൊഴിച്ചാൽ അവിടം ശൂന്യമാണ്.അതിനാൽതനി-
ക്കുപറ്റിയ ഒരിടം അതാണെന്ന് അവൻ കരുതുന്നു.പക്ഷേ,ആശുപത്രികാണുമ്പോൾ
അവന്റെ മനസ്സ് അസ്വസ്ഥമാകുന്നു.പണ്ട് അമ്മ തനിക്ക് പനിച്ചപ്പോൾ ആ പടിക-
ളോരോന്നുംകയറിയിറങ്ങിയതും അവന്റെ മനസ്സിലൂടെ, അന്നേറ്റ ഒരുസൂചിക്കുത്തി-
ന്റെ വേദനയേകികടന്നുപോയി.

പിന്നെയുംമുന്നോട്ട് പോയപ്പോൾ ഒരു വിദ്യാലമുറ്റം,ആളും
അനക്കവുമില്ലാത്ത ഒരിടം.പക്ഷെ,അപ്പോഴും ഓർമകൾ അവനിലേക്ക് ചേക്കേറി,
ആദ്യാക്ഷരമധുരം നുണയാൻ ഇതുപോലൊരു വിദ്യാലയ മുറ്റത്ത് .

"അത്ഭുതംവിസ്മയത്തഞ്ചത്തിലേറി
എൻ കണ്ണുനീർത്തുള്ളിപൊഴിച്ചബാല്യം"

എന്നതും,അമ്മ ചുമരനപ്പുറം കണ്ണെത്തുംദൂരത്ത്നിന്നതും.കണ്ണീരിൽകരച്ചിൽച-
ങ്കിൽകരുത്ത്പിടിച്ചതും...പിന്നെയുംവാഹനം മുമ്പോട്ട് കൊണ്ടു പ്രാവുകയാണവൻ.
ഓരോ സ്ഥലത്തുചെല്ലുമ്പോഴും ഓർമകൾ കയറിട്ടുമുറുക്കുകയാണവനെ എങ്ങുംഞാ-
ൻ ഇനിചെല്ലും എന്ന് സ്വയം ചോദിച്ച് അവൻ അസ്വസ്ഥനാകുന്നു. പിന്നീട് സ്വയം കുറ്റബോധത്തോടെ

നോക്കുകയാണവൻ.
തണുപ്പുകാരണം കാറിന്റെ ചില്ലുയർത്തി-
ട്ടുമ്പോൾ,അമ്മയുടെവയറ്റിനോട്ചേർന്ന്പറ്റിക്കിടക്കുന്നതിന്റെചൂട്,കാച്ചിയഎണ്ണ വിയർപ്പിനോടു ചേരുന്ന ഗന്ധം പുലർച്ചകാലത്ത് അടുപ്പിൽ ഓലക്കുടികൾപുക-
യുന്നതിന്റെ മണവും അവനിലേക്ക് ഊളിയിടുന്നു.'ഒന്നിനും കൊള്ളാത്തവൻ'എന്ന ഭാര്യയുടെ കുറ്റപ്പെടുത്തലുകൾ
ഭയന്ന്അവൻ തിരച്ച്പോകാനൊരുങ്ങുന്ന എന്തു ചെയ്യണമെന്നറിയാതെ തലയ്ക്കകം പുകയുന്നതായ് അവന് തോന്നി പിൻ സീറ്റിലേക്ക് തിരിഞ്ഞു നോക്കിയപ്പോഴേക്കും അമ്മ ചാഞ്ഞു, മടങ്ങി,ഉറങ്ങിക്കിടക്കയാണ് എന്നാൽ ആ കണ്ണുകൾ അടയാതെ അവനുനേരെ ചൂണ്ടുന്നുണ്ടായിരുന്നു.

ഇന്നത്തെ കാലഘട്ടത്തിലെ മക്കൾക്കു നേരെ വിമർശനമുയർത്തുകയാണ് ഈ കവിത. പു:നകരത്തിൽ നിന്നും താണനം ചെയ്യുന്നവനാണ് പുത്രൻ. എന്നാൽ ഇന്ന്? തനിക്ക് ഒരു കുഞ്ഞുണ്ടായാൽ മാതാപിതാക്കൾ ചെയ്യുന്ന പ്രാഥമിക കാര്യങ്ങൾ പോലെ ഒന്നായി വൃദ്ധസദനത്തിൽ മുറിബുക്കുചെയ്യുക എന്നതു അത്തനേൽ അവർക്കുറപ്പാണ് തങ്ങളുടെ നക്കളെ എവിടെക്കാണെന്നോ എന്തിനാണെന്നോ ചോദിക്കാതെ കാറിൽ ഇരിക്കുന്ന അമ്മ,മകൻ,തന്നെ ഒരിക്കലും ഉപേക്ഷിക്കില്ലെന്ന,അവസാനനിമിഷം വരെയുള്ള ആ അമ്മയുടെ വിശ്വാസം. എത്രനോൽ ക്രൂരനാവണം,അതുകാണാതെ പോകുന്ന ആ മകൻ. അനന്തമായ അർത്ഥമുള്ള വാക്കാണ്അമ്മ ഒരു നിമിഷം കൊണ്ട് നകൻഇല്ലാതാ-ക്കുന്നു. ഒരിക്കലും ഒരമ്മ തിരിച്ചു ചോദിക്കാത്ത സ്നേഹത്തിന്റെകണക്ക്

ഒരിക്കലെ-ങ്കിലും നിങ്ങൾഅറിയുകയാണെങ്കിൽ അതിനു പകരം വയ്ക്കാൻമറ്റൊന്നുമില്ലാത്ത സത്യം ബോധ്യമാകും....

ഓരോരോ സ്ഥലത്തുചെല്ലുമ്പോഴും അമ്മ തനിക്കേകിയ സ്നേഹത്തിന്റെ ചൂടുള്ള ഓർമകൾ തന്റെ മനസിനെ മാറ്റാൻ ആ ഓർമകൾകാകും മുമ്പേ ,അമ്മ,ഈ ലോകത്തു നിന്നും മറയുകയായിരുന്നു. ഏറെ കാലിക പ്രാധാന്യമുള്ള ഈ കവിതയിൽ,ഒരു പട്ടിക്ക്, തെരുവുപട്ടിക്കു പോലും തന്റെ കുഞ്ഞിനോടുള്ള സ്നേഹം കാണുമ്പോൾ മനുഷ്യർ ലജ്ജിച്ചു തല താഴ്ത്തേണ്ടിയിരിക്കുന്നു. അമ്മയെ വിട്ടുപിരിയാൻ മനസ്സു സമ്മതിക്കാതെ, തന്റെ രാജയോഗമുള്ള മുൻവരിപ്പല്ല് കുഴിച്ചു കളഞ്ഞ മകനു ഈ ഭാരത ഭൂഖണ്ഡത്തിൽ ജനിച്ചു വളർന്നവനായിരുന്നു.

മൃഗങ്ങളെപ്പോലും മാതൃകയാക്കേണ്ടി വരുന്ന മനുഷ്യനോട് എനിക്ക് പറയാനുള്ളതൊന്നു മാത്രം. നിന്നെ കണ്ടാണ് നിന്റെ മക്കൾ വളരുക. ഒരു ചാക്രിക പ്രവർത്തനമാണെന്ന് നിന്റെ മനസ് നിന്നെ ഓർമിപ്പിക്കട്ടെ!

അഭിരാമി.കെ.വി
10 B

# എന്റെ കേരളം

1956 നവംബർ 1ന് കേരളം ജനിച്ചു. മുൻപ് തമിഴ്നാടിന്റെ ഭാഗമായിരുന്നു കേരളം.ജനിക്കുന്നതിനു മുൻപ് മൂന്ന് പ്രവിശ്യ കളായിരുന്നു തിരുവിതാംകൂർ,കൊച്ചി,മലബാർ. കേരളസംസ്ഥാ നത്തിന്റെ ആദ്യ രൂപത്തില് അഞ്ച് ജില്ലകളാണ് ഉണ്ടായിരു ന്നത്.അതിനു ശേഷം കേരളത്തെ പല ജില്ലകളായി തിരിച്ചു. ഇന്ന് 14 ജില്ലകളുണ്ട്. കേരളത്തിനെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്നു.

റിതുൽ രാജ് വി.വി

4 എ

# അവൾ

'അവൾ' ഇന്നിൻെറ നേര്.
കാലത്തിൽ നിന്നതിർന്ന വീണ
മഷിയിലൊതുങ്ങുന്നില്ലവൾ.
ഓരോ വേരുകൾ പടർത്തുമ്പോഴും
ആ വൻ മരം നിലനിന്നു,അടിതെറ്റാതെ.
അവൾ കാലത്തെയും ദേശത്തേയും
സംസ്കാരങ്ങളെയും അതിജീവിച്ചു.

ജീവിതമെന്ന നാടകവേദിയിൽ
ആർക്കും തോൽക്കാതെ പതറാതെ...
ഇടറിയ കാലുകളും വാക്കുകളും
തളരാതിരിക്കാൻ അവളെ പഠിപ്പിച്ചു.
ഒതുങ്ങിക്കൂടിയ നാലു ചുവരുകൾക്കറിയില്ലായിരുന്നു,
ആ രണ്ടക്ഷരത്തിൻെറ മഹത്വം.
'അവൾ പെണ്ണാണ് '
“അവൾ ശക്തിയുടെ പ്രതീകമാണ്"
പേനകൾ കോറിയിട്ട ചിത്രങ്ങളിൽ
ഒളിഞ്ഞും തെളിഞ്ഞും കണ്ടത് അവളെയായിരുന്നു.

അതിജീവനത്തിൻെറ മറുപേര്
ചെറുത്തുനിൽപ്പിൻെറ പര്യായം
എല്ലാം അവളായിരുന്നു.കപടങ്ങൾക്കും
യാഥാർഥ്യങ്ങൾക്കുമപ്പുറത്ത്
അവൾ ആരോ ആയിരുന്നു.
ജീവിതത്തെയാകെ തൻെറ കൈകളിൽ
ഒതുക്കിപ്പിടിച്ച മാന്ത്രിക
അവൾ ഇന്നിൻെറ നേര്...

കൃഷ്ണജ .എസ്-X C

# കടുവയെ തിന്നുന്ന മാൻ

***ഇളം പുല്ല് തിന്നുകയായിരുന്നു ബിമ്മിമാനും കുഞ്ഞുങ്ങളും. പെട്ടെന്ന് മഴ വന്നു. പെരുമഴ;അവർ***

അടുത്തു കണ്ട ഗുഹയിലേക്ക് കയറി.പുറത്ത്എന്തോ ശബ്ദം കേട്ട് ബിമ്മി ഞെട്ടിയുണർന്ന് ഗുഹയിൽ നിന്ന് പുറത്തേക്ക് നോക്കി.ദൂരെ നിന്നു കടുവച്ചാർ വരുന്നതു കണ്ടു.''അയ്യോ!ഇങ്ങോട്ടാണല്ലോ വരുന്നത്. എന്റെയും കുഞ്ഞുങ്ങളുടെയും കഥ കഴിഞ്ഞല്ലോ''!.അവൾക്ക് ഒരു കുസൃതി തോന്നി.ഉറങ്ങിക്കിടക്കുന്ന കുഞ്ഞുങ്ങളെ കൊമ്പു കൊണ്ട് മെല്ലെ കുത്തി.കുഞ്ഞുങ്ങൾ ഉറക്കെ കരഞ്ഞു.''മിണ്ടാതെ ഉറങ്ങിക്കോ....ഇന്നലെയല്ലെ ഒരു കടുവയെ തിന്നത്? ഇന്നും ഞാൻ എവിടെ നിന്നാ കടുവയെ പിടിച്ചു തരുക. ബിമ്മിമാൻ ഗുഹയിൽ നിന്ന് ഉറക്കെ പറഞ്ഞു. ഇത് കേൾക്കേണ്ട താമസം കടുവച്ചാർ ഓടടാ ഓട്ടം.''ഹോ രക്ഷപെട്ടു.''ബിമ്മി പറഞ്ഞു.മരണപ്പാച്ചിൽ പാഞ്ഞ കടുവച്ചാർ പിന്നെ ആ വഴി വന്നില്ല.ഓടി ഓടി ജിങ്കൻ കുറുക്കന്റെ മുന്നിലെത്തിപ്പെട്ടു.''എങ്ങോട്ടാ കടുവച്ചാരേ ഓടുന്നത്?''ജിങ്കൻ ചോദിച്ചു.''എന്റെ ഗുഹയിൽ ആരോ കയറിയിട്ടുണ്ട് കടുവയെ തിന്നുന്ന ഏതോ ഭീകര ജീവി''...''കടുവയെ തിന്നുന്ന ജീവിയോ?നീ വാ നമുക്ക് പോയി നോക്കാം''.... ''ഞാനില്ല എനിക്ക് പേടിയാ''കടുവച്ചാർ വിറച്ചു കൊണ്ട്

പറഞ്ഞു.''നിനക്കു പേടിയുണ്ടെങ്കിൽ നമ്മുടെ വാലു കെട്ടാം.''

അങ്ങനെ പകുതി എത്തിയപ്പോൾ കടുവച്ചാരിന് പേടി തോന്നിതിരിഞ്ഞോടാൻ നോക്കിയപ്പോൾ അതിന് പറ്റിയില്ല.ബിമ്മി പറഞ്ഞു. കടുവയെ കൊണ്ടു വരാമെന്ന് പറഞ്ഞ് പോയിട്ട് എത്ര

നേരമായി?കുഞ്ഞുങ്ങൾ വിശന്നു ചാവാറായി.''എടാ കള്ളക്കുറുക്കാ നീ എന്നെ വഞ്ചിക്കുകയായിരുന്നല്ലേ. ഇവർ തമ്മിൽ പൊരിഞ്ഞ അടിയായി.

സഹദിയ പി

6-A

# സ്നേഹം വേണം

അച്ഛൻ തരുന്നൊരു സ്നേഹം

താലോലം പാടിയുറക്കും

അമ്മ തരുന്നൊരു സ്നേഹം

പാടി രസിച്ചു വളരാൻ

ചേച്ചി തരുന്നൊരു സ്നേഹം

ഞാൻ എന്നന്നേക്കുവേണ്ടി ഓർക്കും

എനിക്കുമുണ്ടൊരു മോഹം

കൂട്ടുകാരുമൊത്തു കളിക്കാൻ

അമ്മ തരുന്നൊരു സ്നേഹം

പാടിക്കളിച്ചു വളരാൻ

അച്ഛനോടൊരു സ്നേഹംവേണംവേണം നമ്മുക്കൊരു സ്നേഹം

ചേച്ചിക്കുണ്ടൊരു സ്നേഹം

പാടി പഠിക്കാൻ സ്നേഹം

പുഞ്ചിരി തൂകുന്ന മാതാപിതാക്കളോടും

കൊച്ചനിയത്തിയോടും വേണം

വേണം നല്ലൊരു സ്നേഹം

എല്ലാവരോടും വേണം

വേണം നമുക്കൊരു സ്നേഹം

അച്ഛനോടൊന്നു പിണങ്ങിയാൽ

മായില്ല മായില്ല പൊൻസ്നേഹം

മായില്ല മായില്ല എൻസ്നേഹം

കൂടെയുണ്ടെൻ പൊൻസ്നേഹം (2)....

# പെരുന്നാൾ സമ്മാനം

"എടീ ആമിനാ ഒന്നു വേഗം വാടീ. ഇന്ന് എനിക്ക് ചാക്കോമാഷിന്റെ സ്പെഷൽ ക്ലാസ്സുള്ളതാ".റഹന ധൃതിപിടിച്ചു.ആമിന തട്ടം ഒതുക്കിക്കോണ്ട് മുറിയിൽ നിന്നിറങ്ങി. അവളുടെ കരിനീലകണ്ണുകൾ മസ്കാരയുടെ വലയങ്ങളിൽ മിന്നി."ഉമ്മാ ചോറായില്ലേ?സമയം വൈകി"."ഇതാ വര്ന്ന് ആമീ, ഓ എന്റെ പിള്ളേരേ നിങ്ങക്ക് കുറച്ച് വൈകിപ്പോയാപ്പോരേ? " ആയിഷുമ്മ പുലമ്പി."ഓ എന്റെ ഉമ്മാ പബ്ലിക്ക് എക്സാം അടുക്കാറായി,സ്പെഷൽ ക്ലാസുള്ളതാ,എന്റെ പടച്ചോനേ എങ്ങനെയെങ്കിലുമൊന്ന് പാസായാമതിയായിരുന്നു".എടീ ആമീ ഒന്ന് വേഗം വാടീ രഹന ഉറക്കെ വിളിച്ചു. ഇതാ വര്ന്ന്, ആമിന ധൃതിയിൽ പുറത്തേക്കോടി. അവർ നടന്നു നീങ്ങി. "എന്താടീ നീ ഇന്ന് കുറച്ചു കൂടി സുന്ദരി യായിട്ടുണ്ടല്ലോ?" കാര്യം എനിക്ക് പിടികിട്ടി. "എന്തു കാര്യം?" "ഇതേ റഹന എന്നെ വെറുതെ ദേഷ്യം പിടിപ്പിക്കരുത് ".ആമിന റഹനയോട് പറഞ്ഞു. "നീ വലിയ ആളാവണ്ട നീയും ആ ഹമീദിനോട് ഒറ്റയ്ക്ക് സംസാരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ടല്ലോ?"....... ഞങ്ങൾ നല്ല ഫ്രണ്ടസാ റഹന വ്യക്തമാക്കി.എന്നാൽ ഞങ്ങള് തമ്മിലും അങ്ങനാ ഓ സമ്മയിച്ചു. എന്നാലും ഒന്ന് സൂക്ഷിച്ചോ,ജാബിർ ആളൊരു തരികിടയാ....നിനക്കവനെ ശരിക്കും ആറിയത്തില്ല.....തന്നോടെന്നല്ല പല പെൺകുട്ടികളോടും അവൻ സംസാരിക്കാറുണ്ട്.ഓ ഞാനങ്ങ് സഹിച്ചു.അസൂയയാണെല്ലാവർക്കും.... ങാ പിന്നെ ജാബിർ ഡ്രോ പാർകിൽ കാത്തുനിൽക്കാമെന്ന് പറഞ്ഞിട്ടുണ്ട്. നീ പോയ്ക്കോ ഞാൻ വരാം..... ടീ സൂക്ഷിക്കണം

ആമീ.....റഹന ക്ലാസിലേക്കും ആമിനജാബിറിനടുത്തേക്കും പോയി.

ഹായ് ജാബീ..... ഹേ‍ാ എൻെറ ആമിനാ എത്ര സമയമായി ഞാൻ വെയ്റ്റ ചെയ്യുന്നു... ക്ഷമിക്കെടാ ഞാൻ ഇത്തിരി ലെയ്റ്റായിപ്പോയി... സാരമില്ല എന്റെ സുന്ദരിക്കുട്ടിയെ ഞാൻ എത്ര സമയം വേണമെങ്കിലും കാത്തുനിൽക്കും.... എന്നിട്ടവൻ ഒരു കള്ളച്ചിരി ചിരിച്ചു.ആ കാപാലകന്റെ ചിരിയിൽ പല അർത്ഥങ്ങളുമുണ്ടായിരുന്നു. ആമിന ആ ചിരിയിൽ  മയങ്ങി. ആ പിന്നെ നിനക്കൊരു സമ്മാന മുണ്ട്. ജാബിർ ആമിനയോട് പറഞ്ഞു.എന്ത് സമ്മാനം?ആകാംക്ഷയോടെ ചോദിച്ചു.അതിനുമുമ്പ് ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത എന്താണെന്ന് പറ? എന്ത് പ്രത്യേകത.... ഇന്ന് നിൻെറ പിറന്നാളല്ലെ? മെനി മെനി ഹാപ്പി റിട്ടേൺസ് ഓഫ് ദി ഡേ.ഓ ഞാനത്  മറന്നു. ജാബീ ഈ ഗിഫ്റ്റ് നന്നായിരിക്കുന്നു. താങ്കയൂ ജാബീ.... തിരിച്ച് ആമിന ജാബിറിന് ഒരു ചോക്ലേറ്റ് നൽകി. ഇന്നലെ രഹന കൊടുത്തതായിരുന്നു. സമയം 9.30 ആയി. എന്നാൽ ഞാൻ പോട്ടേ ജാബീ ആമിന ജാബിറിനോട്  യാത്രചോദിച്ചു മടങ്ങി.

ജാബിർ ആരെയോ കാത്തു നിൽക്കുന്നതുപോലെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. പെട്ടെന്നൊരു പെൺകുട്ടി ജാബിറിന്റെ അരികിലേക്ക് നടന്നു വന്നു.   ഓ ശാഹിന ജാബിറിന്റെ മുഖം തിളങ്ങി....സോറി ജാബി അൽപം വൈകി ശാഹിന പറഞ്ഞു. ഓ അത് സാരമില്ല.ഇതെവിടുന്ന രാവിലെ തന്നെ ചോക്ലേറ്റ് ശാഹിന ജാബിറിനോട് ചോദിച്ചു. ഇത് ഞാൻ നിനക്കു വേണ്ടി വാങ്ങിയതാ ,ഓ താങ്ക്

യൂ കുറച്ചു നേരം അങ്ങനെ സംസാരിച്ചശേഷം ശാഹിനയും ജാബിറും അവിടെ നിന്ന് മടങ്ങിപ്പോയി. ആമിനയാണെങ്കിൽ ക്ലാസിൽ ജാബിറിനേയും സ്വപ്നം കണ്ടിരുന്നു. പാവം അവളുണ്ടോ അറിയുന്നു താൻ സ്നേഹിക്കുന്നത് ഒരു ചതിയനെയാണെന്ന്.

ഈ വർഷം കഴിഞ്ഞാൽ ആമിനയുടെ നിക്കാഹ് നടത്തണമെന്നാണ് അവളുടെഉപ്പയുടെയും ഉമ്മയുടെയും ആഗ്രഹം. ഓരോ പ്രാവിശ്യവും അക്കാര്യം പറയുമ്പോൾ ആമിന ഉമ്മയുമായി വഴക്കിടുമായിരുന്നു. മകളുടെ മനസ്സിൽ വേറൊരാളുണ്ടെന്ന് ഉമ്മയ്ക്ക് അറിയിലല്ലോ. ആമിനയ്ക്ക് തന്റെ ഉപ്പ മുഹമ്മദിനെ ജീവനായിരുന്നു. അയാൾ ഖത്തറിൽ നിന്ന് മകൾക്ക് പിറന്നാൾ സമ്മാനമായി ഒരു മൊബൈൽ ഫോൺ അയച്ചുക്കൊടുത്തു. ആമിന ഒരുപാട് സന്തോഷിച്ചു. അവർ തമ്മിലുള്ള ബന്ധം വളർന്നു. നിരന്തരമായ ഫോൺ വിളികൾ .... ഒരിക്കൽ ജാബിറിന്റെ ഫോൺകോൾ എടുത്തത് ആയിഷുമ്മയായിരുന്നു. ഹലോ ഇതാരാ ആയിഷുമ്മ ചോദിച്ചിട്ടും മറുപടിയൊന്നും ലഭിച്ചില്ല. അപ്പോൾ ആമിന കഷ്ടിച്ചാണ് രക്ഷപ്പെട്ടത്.

വീട്ടിലാകെ തിരക്കായിരുന്നു. അടുത്ത ദിവസമാണ് പെരുന്നാൾ. കൂടാതെ ആമിനയുടെ ഉപ്പ മുഹമ്മദ് ഖത്തറിൽ നിന്ന് വരുന്നതും അന്നാണ്. ആമിന ഏറെ സന്തോഷത്തിലാണ്. നീ നാളെ ഫായിസിന്റെ വീട്ടിലേക്ക് വരണം. അവന്റെ അച്ഛനും അമ്മയും അവിടെ ഇല്ല. ജാബിർ ആമിനയോട് ഫോണിലൂടെ ആവിശ്യപ്പെട്ടു. പെറുന്നാൾ ദിവസം ആമിന ഉമ്മയോട് കള്ളം പറഞ്ഞ് രഹനയോടൊപ്പം

വീട്ടിൽ നിന്ന് ഇറങ്ങി.എടീ ആമിന നീ പോവണ്ടെടീ, പാർക്ക് പോലെ അല്ല വീട്, അതപകടമാണ്.രഹന മുന്നറിയിപ്പ് നൽകി. അവനെ എനിക്ക് വിശ്വാസമാ ആമിന ഉറപ്പിച്ചു പറഞ്ഞു. അവസാനം റഹന തന്റെ വീട്ടിലേക്കും ആമിന ഫായിസിന്റെ വീട്ടിലേക്കും നടന്നു. വീട്ടിലെത്തിയ ആമിന ജാബിറിന്റെ കപടസ്നേഹത്തിൽ മയങ്ങി. ഫായിസ്  കൊടുത്ത ഒരു ഗ്ലാസ് ജ്യൂസിൽ ആമിനയുടെ ജീവിതം തകർന്നുപോയി .

ബോധം വന്ന ആമിന ഒരു ഭ്രാന്തിയെ പോലെ നിലവിളിച്ചു. പെട്ടന്നവൾ ജാബിറിന്റെ ശബ്ദം കേട്ടു. ആരോടെങ്കിലും നീ ഇതു പറഞ്ഞാൽ നിന്റെ നഗ്നഫോട്ടോകൾ ഈ ലോകം മുഴുവനും കാണും ജാബിർ ഭീഷണി സ്വരത്തോടെ പറഞ്ഞു.ഇത് തന്റെ ജാബിർ തന്നെ ആണോ എന്ന് ആമിനയ്ക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഉമ്മയുടേയും രഹനയുടേയും വാക്കുകളോർത്ത് അവൾ പൊട്ടി കരഞ്ഞു. വീട്ടിൽ തിരിച്ചെത്തിയ അവളോട് ഉമ്മ ചോദിച്ചു.  എന്താ പറ്റിയത് നിനക്ക്   തലവേദനയാണെന്ന് അവൾ കള്ളം പറഞ്ഞു. മുറ്റത്ത് കാർ വരുന്ന ശബ്ദം കേട്ട്  ആയിഷുമ്മ പുറത്തേക്കിറങ്ങി. അപ്പോൾ മുറ്റത്ത്  മുഹമ്മദ്  വന്നിരിക്കുന്നു. തന്റെ മകളെ കാണാനുള്ള ധൃതിയിൽ മുഹമ്മദ് വീട്ടിലേക്ക് കടന്നു.മകളുടെ മുറി തുറന്നപ്പോൾ ഒരുപിടി കയറിൽ തന്റെ ജീവിതം അവസാനിപ്പിച്ച മകളെയാണ് അയാൾ കണ്ടത്.ആ ഉപ്പയ്ക്ക് പടച്ചോൻ കൊടുത്ത പെരുന്നാൾ സമ്മാനം.      Sreenandha   9-A

# സ്വപ്നത്തിലെ പൂന്തോട്ടം

മീനു ഒരു ദിവസം ഒരു പൂന്തോട്ടത്തിൽ പോയി. അവിടെ

നിറയെ പൂക്കളും പൂമ്പാറ്റകളും. അവൾ തനിയെ പറഞ്ഞു ഭംഗിയുള്ള പൂമ്പാറ്റകളും പൂക്കളും! അവൾക്ക് വലിയ സന്തോഷമായി. അവൾക്ക് തോന്നി ഞാൻ ഒരു വലിയ ലോകത്തെത്തി. വിവിധനിറത്തിലുള്ള പൂക്കൾ. അവളെ വളരെയധികം ആകർഷിച്ചു. മിനുവിന് അവളുടെ ജീവിതത്തിൽ

പുതിയ മാറ്റങ്ങൾ സംഭവിച്ചുപോലെതോന്നി. അവൾ സന്തോഷത്താൽ സ്വയം മതിമറന്നു പോയി.

അവൾ പെട്ടന്ന് ഞെട്ടിയുണർന്നു. അവൾ ചുറ്റും നോക്കി പക്ഷെ ഒന്നും കണ്ടില്ല. താൻ കണ്ടത് ഒരു സ്വപ്നമാണെന്ന് മീനുവിന് മനസ്സിലായി .എന്നാലും അവൾക്ക് സങ്കടമായില്ല. കാരണം അവളുടെ വീട്ടിലെ സ്ഥിതി വളരെ ദയനിയമായിരുന്നു. മീനവിന്റെ അച്ഛൻ അവൾ ചെറുതായിരിക്കുമ്പോൾ തന്നെ മരിച്ചിരുന്നു. അമ്മയാണെങ്കിൽ അസുഖംബാധിച്ച് കിടപ്പിലാണ്. അങ്ങനെയുള്ള തനിക്ക് ഇങ്ങനെയുള്ള സ്വപ്നം കാണാൻ സാധിച്ചതിന് അവൾ ദൈവത്തിനോട് നന്ദി പറയുന്നു


ANWAYA K·N

# സയൻസ് ക്വിസ്

1)D D T യുടെ പൂർണ്ണ രൂപം?
ഡൈക്ലോറോ ഡൈ മീഥൈൻ ട്രൈ ക്ലോറോ ഈഥൈൻ
2)സോപ്പ് കുമിളയിലെ വർണ്ണരാജിക്ക് കാരണം?
ഇൻർഫറൻസ്
3) ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്ന തലച്ചോറിലെ ഭാഗം?
സെറിബ്രം
4)കടുവയുടെ ശാസ്ത്രീയ നാമം
പാന്തെറ ടൈഗ്രീസ്
5)സൈക്കിൾ കണ്ടുപിടിച്ചത്?
ക്രിക്ക് പാട്രിക് മാക്ക്മില്ലൻ
6)വിമാനം കണ്ടെത്തിയതാര്?
റൈറ്റ് സഹോദരൻമാർ
7)ആവർത്തനപട്ടികയുടെ പിതാവ്?
മെൻഡലിയേവ്
8)സൂപ്പർ ഫ്ലൂയിഡിറ്റി പ്രകടമാക്കുന്ന മൂലകം?
ഹീലിയം

9)വിമാനം പറന്നുയരുന്നതിന് കാരണമാകുന്ന തത്വം
ബർണോളിസിസ് തത്വം
10)L P G യിലെ പ്രധാന ഘടകം ഏത്?
ബ്യൂട്ടെയ്ൻ
11)വൃക്കയിലെ കല്ല് രാസപരമായി എന്താണ്?
കാത്സ്യം ഓക്സലേറ്റ്
12)I U P A C യുടെ ആസ്ഥാനം എവിടെയാണ്?
സൂറിച്ച്
13)വിറ്റി കൾച്ചർ എന്തിനെ ശാസ്ത്രീയമായി കൃഷിചെയ്യുന്ന രീതിയാണ്?
മുന്തിരി
14)ടെലിവിഷൻ കണ്ടെത്തിയതാര്?
ജോൺ ബയേർഡ്
15)വൈദ്യുത ബൾബ് കണ്ടെത്തിയതാര്?
തോമസ് ആൽവാ എഡിസൺ

അഭിരാമി കെ വി
10B

# നാരി

അടുക്കളച്ചുവരിലെ  കരി

കദനത്തിൽ ചാലിച്ച്

കണ്ണെഴുതാൻ അവൾ അഗ്രഹിച്ചില്ല

നാലു ചുവരുകൾക്കപ്പുറത്ത്

അനന്തമായ ആകാശം മാടിവിളിക്കുമ്പോൾ

സ്വാതന്ത്ര്യ സൂര്യപ്രഭയേറ്റുണരാൻ ഒലിവിലകളാൽ

തലോടുവാനും വെള്ളരിപ്രാവായ് പറക്കുവാനും

അവൾ പ്രാപ്തയാണ്

അത് സ്ത്രീയുടെ ശബ്ദമാണ്

കണ്ണീർത്തുള്ളികൾ അവളുടെ അടയാളമല്ല

ദീനനിശ്വാസങ്ങൾ പ്രതീകമല്ല

പെൺബുദ്ധി  പിൻബുദ്ധിയല്ല

മുൻബുദ്ധിയാണെന്ന് തെളിയിച്ച്

മകളായ് പിറന്ന്,മരമായ് വളർന്ന്

മണ്ണിലും മനസിലും ജീവിക്കുന്നവളാണ്

സ്ത്രീ

പുസ്തകം ,അധ്യാപിക,പേന ഒപ്പം

ഒരു സ്ത്രീക്കും ലോകത്തെ മാറ്റുവാനാകുമ്പോൾ

മനുസ്മൃതി മുട്ടുമടക്കും

കഴുകന്മാരുടെ നഖങ്ങൾ അടർന്നുപോകും

കാറ്റിലലയടിക്കും,കടലുമന്ത്രിക്കും


നിർഭയയും ആസിഫയും ജിഷയും

താരങ്ങളായ്  വിരിഞ്ഞ് പുഞ്ചിരിക്കും

ഇടനെഞ്ചിൽ തൊട്ടു പറയും

സ്ത്രീ സ്വാതന്ത്ര്യമർഹിക്ക

പോരാടുവാൻ ഇന്നവൾ പ്രാപ്തയാണ്


Fathimathul shaharsaad.p
VIII-C

# നരബലി

ജീവനു വേണ്ടി, നിലനില്പിനു വേണ്ടി,

സ്വാതന്ത്ര്യ ത്തിനു വേണ്ടി,പോരാടുന്നവളത്രേ പെണ്ണ് ?

പിറന്നാൾ മൂന്ന് നെല്ലിൻ ഗ്രാമങ്ങളിലും,പിറക്കുന്നതിനു മുൻപ്,

വിഷങ്ങൾ നഗരങ്ങളിലും,

അവൾക്കായി സൂക്ഷിക്കുന്നവരുണ്ട്.

പറയണമെന്നുണ്ട്, പക്ഷെ

ഇന്നും മുട്ടിലിഴയുന്ന,

മനുഷ്യനായി നിവർന്നു നില്ക്കാൻ


ശേഷിയില്ലാത്തവർ,പറഞ്ഞുകളയുംനിയമം

ആചാരത്തെ തൊടരുതെന്ന്!

ഇല്ലാത്ത വൈകല്യംവിളിച്ചോതുന്ന ബലിമൃഗം,

കശാപ്പുകാരന്റെ കയ്യിൽ സന്തുഷ്ടരത്രേ!

സ്നേഹ .കെ . പി
9 C


Panchami pavithran. C
7-B

# I T ക്വിസ്സ്

1) 4 ജി എൽ എന്നാലെന്ത്?
ഫോർത്ത് ജനറേഷൻ ലാംഗ്വേജ്
2)ഫോർട്രാൻ എന്താണ്?
ഫോർമുല ട്രാൻസ്ലേറ്റർ
3)ഒരു മൊഡ്യൂളിൻെറ പ്രവർത്തന ശക്തിയുടെ അളവ്?
കോഹിഷൻ
4)യുണിക്സിലെ ഫയൽ സിസ്റ്റം രൂപം കൊള്ളുന്നത്?
മൾട്ടി ലെവൽ ട്രീ
5)യുണിക്സിലെ ഒരു ഫയൽ എങ്ങനെ പ്രദർശിപ്പിക്കപ്പെടും?
ബൈറ്റുകളുടെ ക്രമത്തിൽ
6)ഒരു പ്രോഗ്രാം പ്രവർത്തിക്കുന്നതിന് എന്തു പറയുന്നു?
എക്സിക്യൂഷൻ
7)കമ്പ്യൂട്ടർ സ്ക്രീനിൽ പ്രവർത്തിക്കുന്ന ഇൻപുട്ട് ഉപകരണമേത്?
ലൈറ്റ് പെൻ
8)ഇന്നു നിലവിലുള്ള മൈക്രോ പ്രോസസ്സർ ചിപ്പുകളേത്?
പെൻറിയം പരമ്പര
9)സി.പി.യു വേഗതവർധിപ്പിക്കാൻ എന്തു ചെയ്യണം?

ക്ലോക്ക് വേഗത വർധിപ്പിക്കണം

10)സി.പി/എം എന്താണ്?

*ആദ്യകാല കമ്പ്യൂട്ടർ ഓപ്പറേറ്റിങ്ങ് സിസ്റ്റം*

*കിരൺ കെ നായർ*
*10 B*


# എന്റെ കൂട്ടുകാരി

ഇരുളിൽ വെളിച്ചമാവും
വെയിലിൽ തണലാവും
എൻ കൂട്ടുകാരി നീ
എന്റെ മനസിൽ കളിയാടുകയാണ്
നിന്റെ കാര്യമാം കർമങ്ങൾ.
മറക്കാനാകുമോ കൂട്ടുകാരി നിന്നെ
ദുഃഖങ്ങളിൽ സാന്ത്വനമാവും
വിജയങ്ങളിൽ അഭിമാനം കൊള്ളും
എന്റെ പ്രിയപ്പെട്ട കൂട്ടുകാരി നീ....
എന്നിൽ ഒളിഞ്ഞിരിക്കുന്ന
കഴിവുകളെ ഊട്ടിവളർത്തിയ
എന്റെ ജീവിതസ്വത്താണ്
നീ എൻ പ്രിയ കൂട്ടുകാരി.
ജീവിതമാം പരീക്ഷണത്തിൽ
എന്റെ കൂടെ പ്രയാണം ചെയ്ത
എന്റെ അഭിമാനമാം കൂട്ടുകാരി നീ......

*മറക്കില്ല കൂട്ടുകാരി നിന്നെ ഞാൻ*
*എന്റെയുള്ളിൽ ജീവനുള്ളിടത്തോളം കാലം വരെ.....*

*രേവതി.വി. വി. 9c*

# കുട്ടിപ്പട്ടം



# സ്നേഹ വാത്സല്യം

അമ്മയെന്നുള്ളോരു രണ്ടക്ഷരത്തിന്
അമ്മിഞ്ഞപ്പാലിൻ സുഗന്ധം
അമ്മയാണെനിക്കെല്ലാം
നീലേശ്വരത്താണമ്മ ടീച്ചറാണ്
പാടുപെട്ടുള്ളോരു യാത്രയാണ്
ഞാനുണരുമ്പോഴേക്കമ്മ പോകും
അമ്മ വരുമ്പോഴോ  സന്ധ്യയാകും
അമ്മ പഠിപ്പിക്കാൻ പോയ  നാളിൽ
അമ്മിഞ്ഞപ്പാലിനു  ഞാനും കേണു
അമ്മ വരുന്നതും നോക്കി നോക്കി.
ഞാനമ്മറത്തിരുന്നുറങ്ങിപ്പോയി
ഏഴരക്കുള്ളവസാന വണ്ടി അമ്മയില്ലാതെ വരികയില്ല
വാതോരാതുള്ളോരു വർത്തമാനം
കേട്ടു രസിച്ചമ്മ ക്ഷീണം തീർത്തു

അമ്പിളി മാമനെ കാട്ടിത്തന്ന്
ചോറുരുള വാരിത്തന്നു അമ്മ
താരാട്ടുപാടി പൂതച്ചുറക്കി
ഏഴരക്കുള്ളവസാന വണ്ടിയിൽ അമ്മയും വന്നില്ല അന്നൊരുനാൾ
അമ്മവരുന്നവസാന വണ്ടി പാലം കടക്കേ മറിഞ്ഞു പോയി
പിന്നമ്മ എന്നിലെ തേങ്ങലായി
ആത്മാവിലണയാത്ത ദീപമായി
അമ്മയെന്നുള്ളോരു രണ്ടക്ഷരത്തിന്
അമ്മിഞ്ഞപ്പാലിൻ സുഗന്ധം.

–വൃന്ദ.എം 6–A

# കിട്ടുവിൻെറ മടി

കിട്ടു എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. സ്കൂൾ അടച്ചപ്പോൾ അവന് സന്തോഷമായി.നാളെ സ്കൂൾ തുറക്കുമെന്ന് അമ്മ പറഞ്ഞത് അവൻ കേട്ടു. അവൻ സ്വയം പറഞ്ഞു. കുറച്ച് നാൾ എന്തു രസ-മായിരുന്നു. സ്കൂൾ തുറന്നാൽ എഴുതണം ,വായിക്കണം.ഹോ! മടുത്തു. അതും പറഞ്ഞുകൊണ്ട് അവൻ കിടന്നു. കിട്ടൂ എന്ന് വിളിക്കുന്നതു പോലെയുള്ള കിളികളുടെ ശബ്ദം കേട്ടാണ് അവൻ ഉണർന്നത്. അവൻ കുറേ സമയം ആ കാഴ്ച നോക്കി കൊണ്ടിരുന്നു. അമ്മ പറഞ്ഞു, "കിട്ടൂ ഇന്ന് സ്കൂളിൽ പോകേണ്ടേ, സമയം വൈകി". ഇന്ന് സ്കൂളൊന്നും ഇല്ലമ്മേ എന്നു പറഞ്ഞു കൊണ്ട് അവൻ പക്ഷികളെ നോക്കി. അവൻ സ്കൂൾബസിൽ ആണ് സ്കൂളിൽ പോകാറ്. പെട്ടെന്ന് അവൻ ബസിൻെറ ശബ്ദം കേട്ടു. അയ്യോ അമ്മേ ഇന്ന് സ്കൂളുണ്ട്. എൻെറ ബസ് വന്നു. പിന്നീട് ഒരിക്കലും അവൻ വൈകിയിട്ടില്ല. ...........


അഭിരാമി.കെ 5 എ

# അമ്മിണിയുടെ പൂച്ചക്കുട്ടി

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന അമ്മിണിക്ക് പൂച്ചക്കുട്ടികളെയും പട്ടിക്കുഞ്ഞുങ്ങളെയും വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം അവൾ വീട്ടുമുറ്റത്തുടെ നടക്കുമ്പോൾ ഒരു പൂച്ചകുഞ്ഞിൻെറ ശബ്ദം കേട്ടു. അവൾ എല്ലായിടത്തും അന്വേഷിച്ചു. അവസാനം അവൾ വിറകുപുരയിൽ ചെന്നപ്പോൾ അവിടെ ഒരു പൂച്ചക്കുഞ്ഞിനെ കണ്ടു. അവൾക്ക് സന്തോഷമായി. അവൾ ആ പൂച്ചക്കുഞ്ഞിനെ എടുത്ത് വീട്ടിലേക്ക് പോയി. അവൾ അതിന് മണിക്കുട്ടി എന്ന് പേരിട്ടു. വെളുത്ത തുടുത്ത ആ പൂച്ചക്കുട്ടിയെ കാണാൻ നല്ല രസമായിരുന്നു. ഒരു ദിവസം അമ്മിണി മണിക്കുട്ടിയെ എല്ലായിടത്തും തിരഞ്ഞു. എവിടെയും കണ്ടെത്താനായില്ല. അവൾക്ക് സങ്കടമായി. അവൾ കരഞ്ഞുകൊണ്ട് വാതിൽക്കൽ ഇരിക്കുമ്പോൾ ങ്യാവൂ...ങ്യാവൂ... എന്ന ശബ്ദമുണ്ടാക്കിക്കൊണ്ട് മണിക്കുട്ടി ഓടിവന്നു. അമ്മിണി ഒരു കിളിക്കുഞ്ഞിനെയും വളർത്തുന്നുണ്ടായിരുന്നു. പെട്ടെന്ന് മണിക്കുട്ടി ഒരു ദിശയിലേക്ക് തിരിഞ്ഞോടാൻ തുടങ്ങി. മണിക്കുട്ടി ഒരു മരച്ചുവട്ടിൽ എത്തി. അവിടെ അമ്മിണി വളർത്തുന്ന കിളിക്കുഞ്ഞ് ചത്തു കിടക്കുന്നത് കണ്ടു. അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു,

“എനിക്ക് നീയുണ്ടല്ലോ മണിക്കുട്ടി.”
അവർ മരിച്ചുപോയ കിളിക്കുഞ്ഞിനെ മറന്ന് കളിച്ചുരസിച്ചു.

ആർദ്ര.ടി.രാജേന്ദ്രൻ 5B


Panchami Pavithram
7B

# മാരിവില്ലാണ് കൂട്ടുകാരി

*എൻ മുന്നിൽ എന്നും പുഞ്ചിരി തൂകി*
*എൻ മനമാകെ കുളിർമ നൽകി*
*സ്നേഹത്തോടെ അരികിൽ വന്നെ –*
*ത്തുമെൻ പ്രിയ കൂട്ടുകാരിയേ നീ*


*എപ്പോൾ എൻ മനസ്സിൽ ഇടം നേടി*
*എന്നാണ് നീ എൻ മുന്നിൽ വന്നെത്തിയത്*
*അന്നു എൻ മനം തുടുത്തു പോയി*
*അന്നു നീ എൻ ഹൃദയത്തിലായി*

*എൻ കഴിവുകളെ നീ ഉണർത്തി*
*എൻ കഴിവില്ലായ്മയെ നീ തിരുത്തി*
*എൻ ദേഷ്യം നീ അടക്കി തന്നില്ലേ*
*എൻ മുഖത്ത് പുഞ്ചിരി കൊള്ളിച്ചില്ലേ*

*സങ്കടത്തിൽ നീ കൂടെ നിന്നില്ലേ*
*സന്തോഷവും നിന്നോട് പങ്കിട്ടില്ലേ*
*ഇരുട്ടിൽ നീ വെളിച്ചമായ് വന്നു*
*ഇരുളാകും തിന്മയെ തെജിച്ചു*
*എൻ ജീവിതത്തിൽ തണലായ് വന്നു*
*എന്നിൽ വീഴുന്ന വെയിൽ അകറ്റി*

*എൻ മുന്നിൽ നിന്നും മറഞ്ഞീടല്ലേ*
*എൻ മുന്നിൽ എന്നും വന്നെത്തുമോ നീ....*

*സിനാന .എസ്*
*9 എ*



ZEBRA

# കൂട്ടുകാർ

ഒരു ഗ്രാമത്തിൽ രണ്ട് കൂട്ടുകാർ ജീവിച്ചിരുന്നു.അവരാണ് അപ്പുവും അമ്മുവും.അവർക്ക് എല്ലാ ജീവജാലങ്ങളെയും വളരെ ഇഷ്ടമായിരുന്നു.അങ്ങനെ അങ്ങനെ അവർ ഒരു ദിവസം കുളക്കരയിൽ നീന്തി കളിക്കാൻ പോയി.അവർ കളിച്ചു കഴിഞ്ഞ് വീട്ടിലേക്ക് ഇറങ്ങാൻ നേരം പിന്നിൽ നിന്നൊരു കുഞ്ഞു ബൗ....ബൗ.... ശബ്ദം കേട്ടു.അവർ തിരിഞ്ഞു നോക്കി.അപ്പോഴതാ അവിടെ വെള്ളയിൽ കാപ്പി നിറമുള്ള ഒരു കുഞ്ഞു നായിക്കുട്ടി.അമ്മു പറഞ്ഞു:വാ അപ്പു നമുക്ക് അതിനെ എടുക്കാം. അപ്പു പറഞ്ഞു:ശരി.അവിടെ വെച്ച് അവർ അതിനൊരു പേരിട്ടു.ജൂലി !. ആ നായക്കുട്ടിയെയും എടുത്ത് അവർ വീട്ടിലേക്ക് ഓടി.അവർ അതിനോടൊപ്പം കളിച്ചും രസിച്ചും ജീവിച്ചു.അങ്ങനെയിടെ ജൂലിയെ കാണാതെപ്പോയി.അവർ വീടിനു ചുറ്റും

*അന്വേഷിച്ചു.അപ്പുവിനും അമ്മുവിനും വളരെ സങ്കടമായി പെട്ടെന്ന് ജൂലിയെ പോലെ തന്നെ ഒരു ശബ്ദം!.അവർ തിരിഞ്ഞു നോക്കിയപ്പോൾ ജൂലി തന്നെ!.അവർക്ക് സന്തോഷമായി.അവർ ഓടിപ്പോയി.അതിനെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചു.പിന്നെ ഒരിക്കലും ജൂലി അവരെ വിട്ട് എങ്ങും പോയിട്ടേയില്ല.അങ്ങനെ അവർ ജീവിത കാലം മുഴുവൻ സന്തോഷത്തോടെ ജീവിച്ചു*

*വിസ്മയ.കെ.എം 5A*






Roll 15
ASHWIN ASHOK 7-A


ANWAYA K.N I st
IA

## “RAMU ” HE IS A SON

*'Mother!' he wake up his thoughts. He was reading newspaper .A news stuck his mind . It was a thoughtable news. A mother was died in a room .She have no children now. They are in Abroad . His mind was full of thoughts. Sometimes he thought about his mother and went to the kitchen. There his mother was very busy and she was very tired. He look his mother by anyone see him. He went back his same place. Mother gave him a cup of tea. He look his mother by changing his eyes to anywhere. Mother called him and asked to him,''Ramu, what happened to you, why are you looking so sad.''He replied for her questions, ''nothing''. But still his mind was impatient and very thoughtful. Mother back to the kitchen. He continued his news reading. At 10'O'clock he went to the working place. A bag on his shoulder and an umbrella on his hand. He slowly touched his spectacles and walked through the roadside. On the way he saw a poor woman sat beside the road and searching for foods. He gave a pitiful look to the woman and passed the woman. Suddenly*

*the woman touch his hand. Ramu gave her some money. At that time woman's face was covered with happiness. He reached the office. Now he working in a government office . He sat down his seat. Suddenly a woman about sixty five called him and said,''sir, I want help ''. Ramu take his eyes from the files and looked the woman. He asked,''what happened? What is your problem?"The woman crying, I have a house. Now my son and his wife staying there. They give up me and avoid me in that house. I have no other place to stay. I will search your problems. He replied. The woman leave there.*

*Then his mind was full of upset. He stopped his job and closed his eyes sometime. He thought about his past few months.*

*One day his wife say something in their rooms. His wife said "let's leave her in the oldage home. There she will very safe. We go for there anytime."But mother was suddenly came to their room and heard it all but Ramu and his don't know it. In the next morning Ramu said mother "we are going to a trip to 'Guruvayoor'. Mother replied "oh nice. He went to her room and started to cry. And he packed his dress. On the back of way mother said 'Ramu, stop the car. I will leave here .*

# BEST FRIENDS

***Arun and Arjun close friends and they were mediocare students Arun always study lessons and Arjun was not read anything like that but his marks were always same with Arun.***

***One day Arun read books and Arjun was playing in the class. Unexpetetdly the teacher come there and scolded him. Arjun was very upset and Arun was make him strong. The teacher teach lessons but Arun was did'nt take the testbook he told Arjun he was not take book and he was give the test book to Arun and he take books and say thanks. Tha teacher came and ask to Arjun why he was not take the book. Ajun was no answer. Teacher was say get out in the class and he go out. Arun was look at Arjun, he was smile to Arun thanks full. Arun and Arjun was go home together and he give the books to Arjun .***


ചിത്രം
by
HISHAM